DECEMBER 2023 **U/ID 30731/ULD4A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. മരണം കൂടാതെ രാജത്വമുണ്ടാവുകയില്ല എന്നു പറയുന്ന സന്ദർഭമേത്?

2. അങ്ങ് സഖിയെയാണ് തേടിയതെങ്കിൽ കണ്ടെത്തിയ സമ്പ്രദായം നല്ലതല്ല - ബത്ത്ശേബ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത്?

3. അവൻ യോനാഥന്റെ പാരമ്പര്യക്കാരനാണ്. സ്വപ്നം കാണുന്നത് ശിംശോനെയും -ആരാണ് അവൻ?

4. അല്ല, ഞാനോർക്കുകയായിരുന്നു, ദാവീദ് രാജാവിന് എത്ര ഭാര്യമാരുണ്ട്? - ആരാണ് ഓർക്കുന്നത്? സന്ദർഭമേത്?

5. ഊറിയാ ഒന്നു മനസ്സിലാക്കണം. യുദ്ധം ഒരു രസമല്ല; ഒരാവശ്യം മാത്രമാണ് - ഇസഹാക്ക് ഇങ്ങനെ അഭിപ്രായപ്പെട്ട സന്ദർഭമേത്?

6. ചന്ദ്രൻ ഒന്നു മതി. നക്ഷത്രങ്ങൾ നിരവധി - ഇവിടെ ഉദ്ദേശിക്കുന്നതെന്ത്?

7. കുന്നുംപുറത്തെ ദേവയാനിക്ക് ഒന്നുമില്ല - ഇവിടെ സൂചിപ്പിക്കുന്നതെന്ത്?

8. എത്രകാലം മനുഷ്യർ കശാപ്പുകൊണ്ട് ആത്മശാന്തി നേടും - ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പ്രതികരിക്കുന്നത്?

9. പ്രഭാകരപിള്ളയുമായി രാമൻ സംഘർഷ മുണ്ടാക്കാൻ കാരണമെന്ത്?

10. പരമുനായർ എന്ന കഥാപാത്രത്തിന് സിനിമയിലുള്ള സ്ഥാനം അടയാളപ്പെടുത്തുക.

11. മീനാക്ഷി എന്ന കഥാപാത്രത്തിനുള്ള പ്രസക്തി യെന്ത്?

12. പ്രഭാകരൻപിള്ള എന്ന കഥാപാത്രത്തെ പരിചയ പ്പെടുത്തുന്ന ആദ്യരംഗം വിശദമാക്കുക.

PART B — ($5 \times 5 = 25$ marks)

അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും 200 വാക്കിൽ കവിയരുത്.

13. ബത്ഷേശേബ, ഞാനൊരു ഏകാന്തനാണ്. ഒരു ജനക്കൂട്ടത്തിന്റെ മധ്യത്തിലെ ഏകാകി - ദാവീദ് ഇങ്ങനെ പറയാൻ കാരണമെന്ത്?

14. ശത്രുവിനെ എറിഞ്ഞു കൊല്ലുന്നത് ഇടയക്കുട്ടികൾക്കു ചേരും - സന്ദർഭമെഴുതി വിശദീകരിക്കുക.

15. ഊറിയാ പോയി വരൂ. രാജകൽപ്പനയ്ക്കു ഭടന്മാർ കാരണമന്വേഷിക്കാറില്ല. യോവാബ് ഇങ്ങനെ പറയുന്നതെന്തുകൊണ്ട്? എപ്പോൾ?

16. ദാവീദ് ഒരു മികച്ച കഥാപാത്രമാണോ? നിങ്ങളുടെ അഭിപ്രായമെഴുതുക.

17. വിശ്വംഭരന്റെ സ്വഭാവചിത്രീകരണം നടത്തുക.

18. തിരക്കഥയ്ക്ക് സിനിമയിലുള്ള സ്ഥാനമെന്ത്? പഠിക്കാനുള്ള കൃതിയെ ഉദാഹരണമാക്കി എഴുതുക.

19. നാടകവും സിനിമയും ഏതെല്ലാം ഘടകങ്ങളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?

PART C — ($3 \times 10 = 30$ marks)

ഓരോന്നും 500 വാക്കിൽ കവിയാതെ മൂന്നെണ്ണത്തിന് ഉത്തരമെഴുതുക.

20. നല്ലൊരു നാടകം നിർമ്മിക്കുന്നതിൽ ബൈബിളിലെ ലഘുകഥ സി.ജെ. തോമസിനെ സഹായിച്ചിട്ടുണ്ടോ? വിലയിരുത്തുക.

21. നാടകത്തിൽ സംഘർഷത്തിനുള്ള സ്ഥാനമെന്തെന്ന് ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തെ ആസ്പദമാക്കി വിശദീകരിക്കുക.

22. പെരുവഴിയമ്പലം എന്ന തിരക്കഥ സിനിമയിലെ ദൃശ്യാനുഭവങ്ങളോട് യോജിക്കുന്നുണ്ടോ? ഉദാഹരണസഹിതം വിശദീകരിക്കുക.

23. പത്മരാജന്റെ കഥനരീതി പെരുവഴിയമ്പലത്തെ ആസ്പദമാക്കി വിലയിരുത്തുക.

24. സമൂഹത്തോടുള്ള ഉത്തരവാദിത്തം സിനിമയ്ക്ക് നിർവ്വഹിക്കാനാവും - പെരുവഴിയമ്പലത്തിന്റെ അടിസ്ഥാനത്തിൽ ഉപന്യസിക്കുക.
